വനവും വനഭൂമിയും സംരക്ഷിക്കുന്നതിനുള്ള നടപടി

*5 [209] ശ്രീ. എം. വി. ജയരാജൻ:
,, വി. കെ. ചന്ദ്രൻ:
,, കെ. രാധാകൃഷ്ണൻ:
,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം കയ്യേറ്റം സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) വനം വകുപ്പിന്റെ എത്ര ഏക്കർ ഭൂമിയാണ് വനം കയ്യേറ്റക്കാർ കൈവശപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനും അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) വനഭൂമി കയ്യേറ്റം സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം വനപ്രദേശമാണ് കയ്യേറ്റക്കാർ കൈവശപ്പെടുത്തിയിരുന്നതെന്ന് വെളിപ്പെടുത്താമോ;

(എഫ്) വനം കയ്യേറ്റത്തിന് കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ):

(എ) ഉണ്ട്.

(ബി) വനം കയ്യേറ്റം സംബന്ധിച്ച പരാതികൾ ലഭിക്കുമ്പോൾ പരാതിയുടെ ഗൗരവം കണക്കിലെടുത്ത് അന്വേഷണം നടത്തി കയ്യേറ്റം ഒഴിപ്പിക്കുന്നതുൾപ്പെടെയുള്ള നടപടികൾ നിയമാനുസൃതം കൈക്കൊണ്ടിട്ടുണ്ട്.

(സി) ലഭ്യമായ കണക്കുകൾ പ്രകാരം 1980-ന് ശേഷം 112,062 ഏക്കറോളം ഭൂമി ഇപ്പോൾ കയ്യേറ്റക്കാരുടെ കൈവശത്തിലാണ്. ഇതിൽ റഗുലറൈസ് ചെയ്യുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കിയിട്ടുള്ള 70726.712 ഏക്കർ കയ്യേറ്റഭൂമിയും ഉൾപ്പെടും.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുതിയ കയ്യേറ്റങ്ങൾ അപ്പപ്പോൾതന്നെ ഒഴിപ്പിക്കാറുണ്ട്. 1-1-1977-നു ശേഷമെന്നു കണ്ടെത്തിയിട്ടുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കുന്നതിനും ചീഫ് സെക്രട്ടറി ചെയർമാനായും, വനം, റവന്യൂ, അഭ്യന്തരം, നിയമം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാരും പോലീസ് ഡയറക്ടർ ജനറൽ, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം), ഡയറക്ടർ സർവേ ആന്റ് ലാന്റ് റിക്കാർഡ്സ് എന്നിവർ അംഗങ്ങളുമായുള്ള കമ്മിറ്റി സംസ്ഥാനത്തെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് മേൽനോട്ടം വഹിക്കുന്നുണ്ട്. കൂടാതെ അതാത് സർക്കിൾ കൺസർവേറ്റർമാരുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർ, പോലീസ് സൂപ്രണ്ട്, സർവേ സൂപ്രണ്ട്, ഡിവിഷണൽ ഫോറസ്റ്റാഫീസർമാർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റികൾ കയ്യേറ്റഭൂമി ഘട്ടംഘട്ടമായി വീണ്ടെടുക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യുകയും തുടർ നടപടികൾ കൈക്കൊണ്ടുവരികയും ചെയ്യുന്നു.

(ഇ) സംസ്ഥാനത്തൊട്ടാകെ എല്ലാ വനമേഖലകളിലും കയ്യേറ്റക്കാർ ഭൂമി കൈവശപ്പെടുത്തിയിട്ടുണ്ട്. കയ്യേറ്റഭൂമിയുടെ വിവരം ചുവടെ ചേർക്കുന്നു:

വനമേഖല	*കയ്യേറ്റഭൂമിയുടെ വിസ്തൃതി (ഹെക്ടറിൽ)*
കൊല്ലം	2727.3242
കോട്ടയം	28105.4006
തൃശ്ശൂർ	5262.6594
പാലക്കാട്	5873.4055
കണ്ണൂർ	1814.8472
വൈൽഡ്‌ലൈഫ്	1512.7676
മൊത്തം	45296.402

(എഫ്) വനം കയ്യേറ്റത്തിന് കൂട്ടുനിന്നതായി തെളിഞ്ഞിട്ടുള്ള കേസ്സുകളിൽ ഉദ്യോഗസ്ഥർക്കെതിരെ കേസ്സിന്റെ ഗൗരവം അനുസരിച്ച് ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കുട്ടനാട്ടിലെ കൽകെട്ട് പദ്ധതി

*6 [210] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടൻ കാർഷികമേഖലയ്ക്കുവേണ്ടി പ്രഖ്യാപിച്ച പാടശേഖരങ്ങൾക്കുവേണ്ടിയുള്ള 'കൽകെട്ട്' പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഇല്ലെങ്കിൽ ഈ വർഷംതന്നെ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly